**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** | **03-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം നഴ്സിംഗ് കോളേജിലെ റാഗിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം നഴ്സിംഗ് കോളേജിൽ കുട്ടികളുടെ ശരീരത്തിൽ കോമ്പസ് കൊണ്ട് കുത്തി മുറിവുണ്ടാക്കിയശേഷം മുറിവിൽ ബോഡി ലോഷൻ ഒഴിച്ചതടക്കം നടത്തിയ ക്രൂരമായ റാഗിങ് ഗൗരവമായി കാണുന്നുണ്ടോ; അറിയിക്കുമോ; | (എ) | കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ മെൻസ് ഹോസ്റ്റലിലെ ഒന്നാം വർഷ ജി.എൻ.എം വിദ്യാർത്ഥികൾക്ക് റാഗിങ് എന്ന പേരിൽ രണ്ട്, മൂന്ന് വർഷ ജി.എൻ.എം വിദ്യാർത്ഥികളിൽ നിന്നും ഏൽക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡനം സർക്കാർ അതീവ ഗൗരവതരമായി കാണുന്നു. പീഡനത്തിനിരയായ വിദ്യാർത്ഥികൾ തങ്ങൾ നേരിട്ട അതിക്രമങ്ങൾ വിശദീകരിച്ച് 11.02.2025 -ൽ കോളേജ് പ്രിൻസിപ്പലിന് പരാതി നൽകി. അന്നേദിവസം തന്നെ അദ്ധ്യാപകർ ഉൾപ്പെട്ട മൂന്നംഗ കമ്മിറ്റി പരാതിയിൻമേൽ അന്വേഷണം നടത്തി. പ്രഥമദൃഷ്ട്യാ റാഗിങ് നടന്നതായി അന്വേഷണ കമ്മിറ്റി കണ്ടെത്തിയതിനെത്തുടർന്ന് ടി വിവരം പോലീസിന് റിപ്പോർട്ട് ചെയ്തു. 11.02.2025 -ൽ തന്നെ കുറ്റാരോപിതരും പോലീസ് അറസ്റ്റ് ചെയ്തതുമായ 5 വിദ്യാർത്ഥികളെ പ്രിൻസിപ്പൽ സസ്പെൻഡ് ചെയ്തു . |
| (ബി) | കോളേജ് ഹോസ്റ്റലിൽ റാഗിങ് തടയുന്നതിലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിലും കോളേജ് അധികൃതർക്ക് വീഴ്ച പറ്റിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ മെൻസ് ഹോസ്റ്റലിൽ നടന്ന റാഗിങ് തടയുന്നതിൽ കോളേജ് അധികൃതർക്ക് വീഴ്ച പറ്റിയിട്ടുണ്ട്. 2024 ജി.എൻ.എം ബാച്ച് വിദ്യാർത്ഥികളുടെ കോഴ്സ് ആരംഭിച്ചത് 04.11.2024 നാണ്. പുതുതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ നേർക്ക് അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനും സുരക്ഷിതത്വം ഉറപ്പുവരുത്താനും കുറഞ്ഞത് 3 മാസക്കാലയളവിലേക്കെങ്കിലും ആന്റി റാഗിംഗ് സ്ക്വാഡ് ഓരോ കോളേജിലും ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. ഈ കാലയളവിൽ കോളേജിലെ അദ്ധ്യാപകർക്ക് നിശ്ചിത തീയതികളിൽ ആന്റി റാഗിംഗ് സ്ക്വാഡ് ഡ്യൂട്ടി നൽകിയിരുന്നു. ആന്റി റാഗിംഗ് സ്ക്വാഡ് ഡ്യൂട്ടി ഫലപ്രദമായി നിർവ്വഹിക്കപ്പെട്ടിരുന്നില്ല. ആന്റി റാഗിംഗ് സ്ക്വാഡ് |

| | | | |
|---|---|---|---|
| | | | ഡ്യൂട്ടിയുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിൽ ഹോസ്റ്റൽ വാർഡൻ ആയ പ്രിൻസിപ്പൽ ഗുരുതരമായ വീഴ്ച വരുത്തി.<br><br>കുറ്റക്കാരായ വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കോളേജധികൃതർ സത്വരമായി നടപടി സ്വീകരിച്ചിട്ടുണ്ട്. റാഗിംഗിനിരയായ വിദ്യാർത്ഥികൾ പരാതിപ്പെട്ട 11.02.2025 -ൽ തന്നെ പരാതിയുടെ നിജസ്ഥിതി സംബന്ധിച്ച് പ്രിൻസിപ്പൽ അന്വേഷണം നടത്തി പോലീസിന് റിപ്പോർട്ട് ചെയ്തിരുന്നു. അന്നേ ദിവസം തന്നെ കുറ്റാരോപിതരും പോലീസ് അറസ്റ്റ് ചെയ്തതുമായ 5 വിദ്യാർത്ഥികളെ പ്രിൻസിപ്പൽ സസ്പെൻഡ് ചെയ്തു . |
| (സി) | പ്രസ്തുത സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഒന്നാം വർഷ ജി.എൻ.എം വിദ്യാർത്ഥികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപന മേധാവിയും വാർഡനുമായ പ്രിൻസിപ്പലിനെയും അസിസ്റ്റന്റ് വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസറെയും സർവ്വീസിൽ നിന്നും 14.02.2025- ലെ സ.ഉ (സാധാ) നം. 437/2025/ആ.കു.വ പ്രകാരം സസ്പെൻഡ് ചെയ്തു. കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ കെയർടേക്കർ/സെക്യൂരിറ്റിയെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്തു. UGC Regulation on curbing the menace of Ragging in Higher Educational Institutions, 2009 പ്രകാരമുള്ള ശിക്ഷണനടപടികൾ കുറ്റക്കാരായ വിദ്യാർത്ഥികൾക്കെതിരെ തുടർന്നും സ്വീകരിക്കും. ഇത്തരത്തിലുള്ള അതിക്രമങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ എല്ലാ കോളേജുകളിലും ആന്റി റാഗിങ് കമ്മിറ്റിയുടെയും ആന്റി റാഗിങ് സ്ക്വാഡിന്റെയും പ്രവർത്തനം ഫലപ്രദമാക്കും. |

സെക്ഷൻ ഓഫീസർ